# അറോവിൽ വിശേഷങ്ങൾ

ജോസഫ് പ്രതുൽ

ഈ വേനലവധിക്കാലത്ത് പോണ്ടിച്ചേരിയിലെ അന്താരാഷ്ട്ര ടൗൺഷിപ്പായ ഒറോവില്ലിലെ 'സാധന ഫോറസ്റ്റി'ൽ ഏതാനും ആഴ്ചകൾ ചെലവഴിച്ച സൽസബീൽ ഗ്രീൻ സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയുടെ വിവരണം.



ഈ വർഷത്തെ വേനലവധിക്കാലത്ത് ഞാൻ പോണ്ടിച്ചേരിയിലെ ഔറോവിൽ എന്ന സ്ഥലത്തെ സാദനഫോറസ്റ്റ് എന്ന ഒരു കൂട്ടായ്മയിലാണ് ഞാൻ നിന്നത്. 3 ആഴ്ചകളോളം ഞാൻ അവരുമായി ഒത്തുകൂടി. 80 ഏക്കറോളം വരുന്ന ഒരു കാടാണ്. ഈ കാട്ടിൽ അവർ മരങ്ങൾ വെച്ചു പിടിപ്പിക്കാനാണ് നോക്കുന്നത്. മുമ്പ് ഇതൊരു തരിശായി കിടന്നിരുന്ന സ്ഥലമാണ്. ഇവിടത്തെ മണ്ണിന് ഒരു പ്രത്യേകതയുണ്ട്. ആദ്യം ഇവിടെ അക്കേഷ്യ മരങ്ങൾ നടും. അതു കഴിഞ്ഞ് വളർന്ന് ഒരു പാകമാവുമ്പോൾ ആ മരം വെട്ടി കഷ്ണം കഷ്ണം ആക്കി. അക്കേഷ്യ ഇലകൾക്കൊപ്പം ഇടും. അതു കഴിഞ്ഞ് അതിൽ ചിതൽ വരും,. അങ്ങനെ മണ്ണ് കിട്ടും. വളരെ ബുദ്ധിമുട്ടുള്ള ജോലി. അവിടുത്തെ മണ്ണ് നല്ല ഉറപ്പുള്ളതും മറ്റു മരങ്ങൾക്ക് അവിടെ വളരാൻ കഴിയില്ല. അനവധി കാര്യങ്ങളുണ്ട് അവിടെ. സാദനഫോറസ്റ്റ് നടത്തുന്നത്. ഒരു ഇസ്രായേലി കുടുംബമാണ്. അവിവം എന്നും യോറിറ്റ് എന്നും ആണ് പേര്. അവർക്ക് 2 മക്കളുണ്ട്. ഓഷോ ശാന്തി,ഷെല്ലേവേ എന്നാണ് മക്കളുടെ പേര്. എനിക്ക് നേപ്പാളിൽനിന്നും വന്ന സുനിൽ എന്ന ഒരു കൂട്ടുകാരനും അവിടെ ഉണ്ടായിരുന്നു. സുനിൽ ഇപ്പോൾ പഠിക്കുന്നത് ഔറോവില്ലിലാണ്. അവിടെ ഭയങ്കര ചൂടാണ്. അവിടെ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട 4 കാര്യങ്ങളാണ്.1. അടുക്കള 2. മഡ്പൂൾ 3. എന്തും ഫ്രീയായി കിട്ടുന്ന ഫ്രീസ്റ്റോർ 4. സ്വിമ്മിങ്ങ് പൂൾ എന്നിവയാണ് എനിക്ക് പ്രിയപ്പെട്ടവ. എനിക്ക് അവിടെ സഞ്ചരിക്കാനായി ഞാൻ ഒരു സൈക്കിൾ റെന്റെടുത്തു. ജാംബുവാന്റെ കാലത്തുള്ള സൈക്കിൾ എന്നും വിശേഷിപ്പിക്കേണ്ടിവരും. ബ്രേയിക്കുമില്ല വാൽ ട്യൂബുമില്ല. പക്ഷേ ആ സൈക്കിളും വച്ച് ഇങ്ങനെ സർകീട്ട് പോകും നട്ടുച്ച നേരത്ത്. എന്റെ കൂട്ടുകാരൻ സുനിൽ.വരാറില്ല. ഭയങ്കര പേട്ടിയാണ് അവന്. അവന് വിശ്വസിക്കാൻ പറ്റിയില്ല. ഞാൻ ഔറോവിൽ വരെ സൈക്കിൾ ചവിട്ടിയത്. പക്ഷേ സർക്കീട്ടിന് പോകുമ്പോൾ സാദനഫോറസ്റ്റിൽനിന്നും സൈക്കിളെടുത്ത് പുറത്ത് പോകും. എന്നിട്ട് അച്ചന്റെ കൂടുകാരൻ നടത്തുന്ന പെബിൾ ഗാർഡനിൽ ചെല്ലും. പെബിൾ ഗർഡന്റെ ചുമതല വഹിക്കുന്നത് ബെർണാടും, ദീപികയുമാണ്. ബെർണാടിന് ഏതാണ്ട് ബഷീർ മാഷിന്റെ പ്രായം. കണ്ടാൽ തനി ബഷീർ മാഷാണെന്നേ തോന്നു. ഞാൻ അദ്ദേഹത്തിന്റെ ഗിയർ സൈക്കിളിലായിരുന്നു യാത്ര. നല്ല രസമായിരുന്നു. ആ യാത്ര ദിവസവും ഞാൻ ഓരോ കൂട്ടായ്മ സന്ദർശിക്കാൻ പോകും. അവരെ പരിചയപ്പെടും.

സഹിക്കാൻ പറ്റാത്തത് ചൂടും, ഭക്ഷണവുമാണ്. നല്ല ചൂടുള്ള ദിവസം ഞാൻ, രണ്ടു മൂന്നു മണിക്കൂർ മഡ്പൂളിൽ ആയിരിക്കും. ഭക്ഷണം ഒക്കെ വെസ്റ്റേൺ ഫുഡാണ്. വായിൽ വെക്കാൻ കൊള്ളില്ല. പക്ഷേ എല്ലാ ദിവസത്തേയും ബ്രേക്ക് ഫാസ്റ്റ് എനിക്ക് പ്രിയപ്പെട്ടതാണ്. ഫ്രൂട്ട് സാലഡ് ഭക്ഷണം ഇഷ്ടമായില്ലെങ്കിൽ അടുക്കളയിലെ കബോർഡിൽ നിറച്ചു പഴങ്ങൾ ഉണ്ടാവും. എല്ലാം വിശക്കുമ്പോൾ നമ്മൾക്ക് എടുത്ത് കഴിക്കാം.

പരിസ്ഥിതിയെ ഒട്ടും നോവിക്കാതെയാണ് സാദന ഫോറസ്റ്റിലെ ജീവിതം. വൈദ്യുതിക്കുവേണ്ടി സോളാർ പേനലുകളുണ്ട്. വെയില് കുറഞ്ഞാൽ ബാക്കി ആവശ്യമായ ചാർജ് കിട്ടുന്നതിന് ഞങ്ങൾ ബാറ്ററിയോ

*13-ാം പേജിൽ തുടർച്ച*